To
2 MIS

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.06.02.2019

### നാട്ടാന പീഡനം: പാപ്പാനെ റിമാൻഡ് ചെയ്തു

കരിയം ദേവീ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ചിറക്കര ശ്രീരാം എന്ന കൊമ്പനെ വെട്ടിപരിക്കേൽപ്പിച്ച രണ്ടാം പാപ്പാൻ കല്ലുവാതുക്കൽ മാടൻവിള പുത്തൻവീട്ടിൽ രഞ്ജിത്തിനെ അറസ്റ്റ് ചെയ്തു.

തിരുവനന്തപുരം സാമൂഹ്യവനവത്ക്കരണ വിഭാഗം വനപാലകരാണ് നാട്ടാന പരിപാലന നിയമപ്രകാരം അറസ്റ്റ് ചെയ്ത് കേസ് എടുത്തത്. നെടുമങ്ങാട് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ പതിനാല് ദിവസത്തേക്ക് റിമാൻഡ് ചെയ്തു. അസി. ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ നിർദ്ദേശപ്രകാരം ഉത്സവ എഴുന്നള്ളത്തിന് ആനയ്ക്ക് വിലക്ക് ഏർപ്പെടുത്തിയതായി സോഷ്യൽ ഫോറസ്ട്രി അസി. കൺസർവേറ്റർ ജെ.ആർ.അനി അറിയിച്ചു.

6/2/19

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-72/19